**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 244** | **25-10-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എ. രാജ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ; | (എ) | മലയോര ഹൈവേ നിർമ്മാണത്തിന് 10/07/2017 തീയതിയിലെ സ.ഉ(സാധാ) നം. 942/2017/ പൊ.മ.വ പ്രകാരം 3500 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ 13 ജില്ലകളിലൂടെ ഫ്രീസറണ്ടർ മുഖേന സ്ഥലം ഏറ്റെടുത്ത് 12 മീറ്റർ വീതിയിൽ ആണ് മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത്. 704.53 കി.മീ. വരുന്ന 21 റീച്ചുകളുടെ ഡി.പി.ആർ സാമ്പത്തികാംഗീകാരം ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 549.44 കി.മീ. നീളം വരുന്ന റീച്ചുകൾക്ക് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 296.9 കി.മീ. നീളം റീച്ചുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചു. 93.68 കി.മീ. വരുന്ന റീച്ചുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചു. മലയോര ഹൈവേയുടെ വനമേഖലകളിലൂടെ കടന്നുപോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനം വകുപ്പും നാറ്റ്പാക്കും കെ.ആർ.എഫ്.ബി.യും കിഫ്ബിയും ചേർന്ന് വനംവകുപ്പിന്റെ അനുമതി ആവശ്യമായിവരുന്ന ഭാഗങ്ങളിൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ചില റീച്ചുകളിൽ പുതിയ അലൈൻമെന്റ് നാറ്റ്പാക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ഈ റീച്ചുകളിൽ പുതുതായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു റീച്ചുകളിൽ വനംവകുപ്പ് നിർദ്ദേശിച്ച വിവരങ്ങൾ PARIVESH പോർട്ടലിൽ ലഭ്യമാക്കി അനുമതി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി വേഗത്തിലാക്കാൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | നിശ്ചിത ഇടവേളകളിൽ മലയോര ഹൈവേയുടെ ജില്ലാതല അവലോകനം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യപടിയായി 12.10.2021 ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ കൂടി കടന്നുപോകുന്ന മലയോര ഹൈവേ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും പ്രവൃത്തി വേഗത്തിലാക്കാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിന്റെ ഗതാഗത, വ്യാവസായിക, വാണിജ്യ രംഗങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേരളത്തിന്റെ കിഴക്കൻ മലയോര മേഖലകളിൽകൂടി എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ തരത്തിലാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. ടി റോഡ് പ്രാവർത്തികമാകുന്നതോടു കൂടി കേരളത്തിന്റെ കിഴക്കൻ മേഖലയിലെ കാർഷിക വാണിജ്യ വിനോദ സഞ്ചാര മേഖലയിൽ ഒരു മുതൽക്കൂട്ടാവുകയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് കാരണമാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ